**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789** **02-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടപ്പടി, മോങ്ങം സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം കഴിഞ്ഞ് രണ്ടു വർഷം പിന്നിട്ടിട്ടും പുതിയ കെട്ടിടത്തിൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം 2021 ഫെബ്രുവരി മാസം 21-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടത്തിൽ സബ് രജിസ്ട്രാറുടെയും, ക്ലാർക്കുമാരുടെയും ക്യാബിനുകൾ ക്രമീകരിക്കുന്നതിനുള്ള പ്ലാനിലെ വ്യതിയാനം കാരണം അഡീഷണൽ വയറിംഗ് ജോലികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ടി വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ കഴിയുന്നതാണ്. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസ് എന്നത്തേക്ക് പുതിയ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം 2021 ഫെബ്രുവരി മാസം 21-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടത്തിൽ സബ് രജിസ്ട്രാറുടെയും, ക്ലാർക്കുമാരുടെയും ക്യാബിനുകൾ ക്രമീകരിക്കുന്നതിനുള്ള പ്ലാനിലെ വ്യതിയാനം കാരണം അഡീഷണൽ വയറിംഗ് ജോലികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ടി വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ കഴിയുന്നതാണ്. |
| (സി) | മലപ്പുറം നിയോജക മണ്ഡലത്തിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | മോങ്ങം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി | (ഡി) | മോങ്ങം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി |

| | | | |
|---|---|---|---|
| | സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നാളിതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ; | | സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി ശ്രീ. പാമ്പോടൻ കമ്മദ് ഹാജി മക്കൾ നൗഷാദ്, ഫൈസൽഅലി എന്നവർ തങ്ങളുടെ അഞ്ച് സെന്റ് സ്ഥലം ദാനമായി നൽകാമെന്നറിയിച്ചുകൊണ്ട് സമ്മതപത്രം നൽകുകയുണ്ടായി. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | മോങ്ങം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കാമോ? | (ഇ) | മോങ്ങം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി ശ്രീ. പാമ്പോടൻ കമ്മദ് ഹാജി മക്കൾ നൗഷാദ്, ഫൈസൽഅലി എന്നവർ തങ്ങളുടെ അഞ്ച് സെന്റ് സ്ഥലം ദാനമായി നൽകാമെന്നറിയിച്ചുകൊണ്ട് സമ്മതപത്രം നൽകുകയുണ്ടായി. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ